# വൈഗ -2017 ഇന്നു സമാപിക്കും

Deepika 31.12.17

**തൃശൂർ:** കൃഷിയിലൂടെ കർഷകർക്കു സാമ്പത്തിക ഉന്നമനത്തിലേക്കും മൂല്യവർധിത ഉത്പന്നങ്ങളിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്താനും ഉദ്ദേശിച്ച് സംസ്ഥാന സർക്കാർ സംഘടിപ്പിച്ച വൈഗ അന്തർദേശീയ ശില്പശാലയും പ്രദർശനവും ഇന്നു വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ സമാപിക്കും.

സമാപന സമ്മേളനം കാർഷിക സർവകലാശാല സെൻട്രൽ ഓഡിറ്റോറിയത്തിൽ വൈകീട്ട് മൂന്നിന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിക്കുന്നതോടൊപ്പം കൃഷിവകുപ്പ് പ്രദ്ധീകരണങ്ങളുടെ പ്രകാശനവും കേരള കാർഷിക സർവകലാശാലയുടെ നൂതന സാങ്കേതിക വിദ്യകളുടെ കൈമാറ്റവും നടത്തും. മന്ത്രി എ.സി. മൊയ്തീൻ പുരസ്കാര വിതരണം നിർവഹിക്കും.